# കേരള നിയമസഭ
## 12.06.2012 -ലെ മറുപടിക്ക്

**പൊതുമേഖലാ സ്ഥാപനങ്ങളുടെ ലാഭകരമായ നടത്തിപ്പ്**

569 ശ്രീ. അൻവർ സാദത്ത്
,, ഷാഫി പറമ്പിൽ
,, എ. റ്റി. ജോർജ്
,, ലൂഡി ലൂയിസ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ പൊതുമേഖലാ സ്ഥാപനങ്ങൾക്ക് കൂടുതൽ പ്രവർത്തന സ്വാതന്ത്ര്യം നൽകുവാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ ഏതെല്ലാം മേഖലകളിലാണ് ഇത് പ്രാവർത്തികമാക്കുവാൻ ഉദ്ദേശിക്കുന്നതെന്ന് അറിയിക്കുമോ;

(ബി) പൊതുമേഖലാ സ്ഥാപനങ്ങൾ ആധുനിക ആഗോള സാഹചര്യങ്ങൾക്കനുസൃതമായി മാറിയ അവസ്ഥയിൽ മാനേജ്മെന്റ് തലത്തിൽ വൈദഗ്ദ്ധ്യം ലഭിച്ചവരെ നിയമിക്കുവാനുള്ള നടപടികൾ സ്വീകരിക്കുമോ;

(സി) പൊതുമേഖലാ സ്ഥാപനങ്ങളുടെ ലാഭകരമായ നടത്തിപ്പിന് എന്തെല്ലാം പദ്ധതികളാണ് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 12.06.2012 -ലെ മറുപടിക്ക്

**നഷ്ടത്തിൽ പ്രവർത്തിക്കുന്ന പൊതുമേഖലാ സ്ഥാപനങ്ങൾ**

**570 ശ്രീ. എം. ഉമ്മർ**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) നഷ്ടത്തിൽ പ്രവർത്തിക്കുന്ന പൊതുമേഖലാ സ്ഥാപനങ്ങളുടെ വിശദവിവരങ്ങൾ ശേഖരിച്ചിട്ടുണ്ടോ;

(ബി) ഈ സ്ഥാപനങ്ങളിലെ തൊഴിലാളികൾക്ക് ശമ്പളവും മറ്റ് ആനുകൂല്യങ്ങളും യഥാസമയത്ത് നൽകിവരുന്നുണ്ടോ;

(സി) നഷ്ടത്തിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങളെ ലാഭത്തിലേക്ക് കൊണ്ടുവരുന്നതിന് സ്വീകരിച്ചുവരുന്ന നടപടികൾ വിശദമാക്കാമോ?

## കേരള നിയമസഭ
## 12.06.2012 -ലെ മറുപടിക്ക്

**<u>പൊതുമേഖലയിലെ വ്യവസായ സ്ഥാപനങ്ങൾ</u>**

**571** **ശ്രീ. എം. ഹംസ**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ 10 വർഷക്കാലയളവിനുള്ളിൽ പൊതുമേഖലയിൽ എത്ര വ്യവസായങ്ങൾ ആരംഭിച്ചുവെന്നും ഏതെല്ലാം സ്ഥാപനങ്ങളാണ് ആരംഭിച്ചതെന്നും ഓരോ സ്ഥാപനവും എന്നാണ് ആരംഭിച്ചതെന്നും വെളിപ്പെടുത്തുമോ;

(ബി) പൊതുമേഖലയിൽ ഇന്ന് പ്രവർത്തിക്കുന്ന വ്യവസായ സ്ഥാപനങ്ങൾ ഏതെല്ലാമാണ്; അവയുടെ പ്രവർത്തന പുരോഗതി വെളിപ്പെടുത്തുമോ;

(സി) പൊതുമേഖലയിൽ പുതുതായി വ്യവസായ സ്ഥാപനങ്ങൾ ആരംഭിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദാംശം ലഭ്യമാക്കുമോ?

# കേരള നിയമസഭ
## 12.06.2012 -ലെ മറുപടിക്ക്

**ലാഭത്തിൽ പ്രവർത്തിക്കുന്ന പൊതുമേഖലാ സ്ഥാപനങ്ങൾ**

572 **ശ്രീ. കെ. കുഞ്ഞിരാമൻ (ഉദുമ)**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) കാലഘട്ടത്തിൽ സംസ്ഥാനത്ത് എത്ര പൊതുമേഖലാ വ്യവസായ സ്ഥാപനങ്ങൾ അടച്ചുപൂട്ടുകയുണ്ടായെന്നും അവ ഏതെല്ലാമാണെന്നും വ്യക്തമാക്കുമോ;

(ബി) 2006-2011 കാലഘട്ടത്തിൽ ഇവയിൽ എത്ര എണ്ണം തുറന്നു പ്രവർത്തിപ്പിച്ചുവെന്നും ഈ കാലഘട്ടത്തിൽ സംസ്ഥാനത്തെ എത്ര പൊതുമേഖലാ സ്ഥാപനങ്ങളെ ലാഭത്തിൽ എത്തിക്കാൻ സാധിച്ചിട്ടുണ്ടെന്നും വിശദമാക്കുമോ;

(സി) 2012 മെയ് 31-ാം തീയതിയിലെ കണക്ക് പ്രകാരം നിലവിൽ സംസ്ഥാനത്തെ എത്ര പൊതുമേഖലാ സ്ഥാപനങ്ങൾ ലാഭത്തിൽ പ്രവർത്തിക്കുന്നുണ്ടെന്നും അവ ഏതെല്ലാമാണെന്നും വിശദമാക്കുമോ ?

# കേരള നിയമസഭ
## 12.06.2012 -ലെ മറുപടിക്ക്

**2011-2012 സാമ്പത്തിക വർഷത്തിൽ പൊതുമേഖലാ സ്ഥാപനങ്ങളുടെ വിറ്റുവരവ്**

573 **ശ്രീമതി കെ. എസ്. സലീഖ**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) 2010-11, 2011-12 എന്നീ വർഷങ്ങളിൽ എത്ര പൊതുമേഖലാ സ്ഥാപനങ്ങൾ ലാഭത്തിൽ പ്രവർത്തിച്ചു; എത്രയെണ്ണം നഷ്ടത്തിൽ പ്രവർത്തിച്ചു; ഏറ്റവും ലാഭത്തിൽ പ്രവർത്തിച്ച പൊതു മേഖലാ സ്ഥാപനം ഏതായിരുന്നു; ഏറ്റവും നഷ്ടത്തിൽ പ്രവർത്തിച്ച പൊതുമേഖലാ സ്ഥാപനം ഏതായിരുന്നു എന്നീ വിവരങ്ങൾ താരതമ്യം ചെയ്ത് വിശദാംശം ലഭ്യമാക്കുമോ;

(ബി) പ്രസ്തുത വർഷങ്ങളിൽ പൊതുമേഖലാ സ്ഥാപനങ്ങളുടെ വിറ്റ് വരവ് എത്ര കോടി രൂപ വീതമാണെന്ന് വ്യക്തമാക്കുമോ;

(സി) ഈ വർഷങ്ങളിൽ പ്രസ്തുത സ്ഥാപനങ്ങളുടെ മൊത്തം ലാഭം എത്ര കോടി രൂപയാണെന്ന് വ്യക്തമാക്കുമോ;

(ഡി) നിലവിൽ നഷ്ടത്തിൽ പ്രവർത്തിക്കുന്ന പൊതുമേഖലാ സ്ഥാപനങ്ങളെ ലാഭത്തിലാക്കുന്നതിന് എന്തൊക്കെ നടപടികൾ സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നുവെന്ന് വ്യക്തമാക്കുമോ ?

# കേരള നിയമസഭ
## 12.06.2012 -ലെ മറുപടിക്ക്

**വ്യവസായ വകുപ്പിന്റെ ഓരോ ശീർഷകത്തിലും കഴിഞ്ഞ സാമ്പത്തിക വർഷം അനുവദിച്ച തുക**

**574** **ശ്രീ. വി. ചെന്താമരാക്ഷൻ**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) 2011-12 - ലെ വ്യവസായ വകുപ്പിന്റെ പ്ലാൻ ഫണ്ട് തുകയും 2012 മാർച്ച് 31 വരെ ചെലവഴിച്ച തുകയും എത്രയെന്ന് വെളിപ്പെടുത്തുമോ;

(ബി) വ്യവസായ വകുപ്പിൻ കീഴിലുള്ള കേന്ദ്രാവിഷ്കൃത പദ്ധതികൾ ഏതെക്കെയാണ്; ഓരോ പദ്ധതിക്കും കേന്ദ്രം എന്ത് തുക അനുവദിച്ചു;

(സി) വ്യവസായ വകുപ്പിന്റെ ഓരോ ശീർഷകത്തിലും 2012 മാർച്ച് 31 വരെ ചെലവഴിച്ച തുകയുടെ വിശദാംശം ലഭ്യമാക്കാമോ?

**കേരള നിയമസഭ**
**12.06.2012 -ലെ മറുപടിക്ക്**

**<u>പൊതുമേഖലാ സ്ഥാപനങ്ങളിൽ നിന്നും ലഭിക്കേണ്ട ഗ്യാരന്റി കമ്മീഷൻ</u>**

**575 പ്രൊഫ. സി. രവീന്ദ്രനാഥ്**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) 2011-12 ൽ എത്ര പൊതുമേഖലാ സ്ഥാപനങ്ങളാണ് ലാഭത്തിൽ പ്രവർത്തിച്ചത്;

(ബി) ഗ്യാരന്റി കമ്മീഷൻ ഇനത്തിൽ സർക്കാരിന് ലഭിക്കേണ്ട തുക എത്രയാണെന്ന് വെളിപ്പെടുത്താമോ;

(സി) പ്രസ്തുത തുക ഈടാക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചുവരുന്നതെന്ന് വിശദമാക്കാമോ?

കേരള നിയമസഭ

12.06.2012 -ലെ മറുപടിക്ക്

പുതിയ പൊതുമേഖലാ വ്യവസായസ്ഥാപനം

576 ശ്രീ. ജെയിംസ് മാത്യു

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരമേറ്റ ശേഷം ഏതെങ്കിലും പുതിയ പൊതുമേഖലാ വ്യവസായ സ്ഥാപനങ്ങൾ ആരംഭിച്ചിട്ടുണ്ടോ എന്നറിയിക്കുമോ ;

(ബി) ഇക്കാര്യത്തിൽ കേന്ദ്രസർക്കാരുമായി ചർച്ച നടത്തി ആക്ഷൻ പ്ലാൻ തയ്യാറാക്കുമെന്ന ബജറ്റ് പ്രഖ്യാപനം നടപ്പിലാക്കിയിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ ?

## കേരള നിയമസഭ
## 12.06.2012 -ലെ മറുപടിക്ക്

<u>പൊതുമേഖലാ സ്ഥാപനങ്ങളുടെ പ്രവർത്തനം</u>

577 **ശ്രീ. വി. ശശി**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) വ്യവസായവകുപ്പിൻ കീഴിലുള്ള പൊതുമേഖലാ സ്ഥാപനങ്ങളുടെ പ്രവർത്തനം മെച്ചപ്പെടുത്താനും നഷ്ടം ഒഴിവാക്കാനും സ്വീകരിച്ച നടപടികൾ വിശദമാക്കാമോ ;

(ബി) മുൻസർക്കാർ അധികാരം ഒഴിയുമ്പോൾ എത്ര പൊതുമേഖലാ സ്ഥാപനങ്ങളാണ് നഷ്ടത്തിൽ പ്രവർത്തിച്ചിരുന്നതെന്ന് അറിയിക്കുമോ ;

(സി) നിലവിൽ പ്രസ്തുത സ്ഥാപനങ്ങളുടെ അവസ്ഥ എന്താണെന്ന് വ്യക്തമാക്കുമോ ?

# കേരള നിയമസഭ
## 12.06.2012 -ലെ മറുപടിക്ക്

### വ്യാവസായിക ഇടനാഴി സ്ഥാപിക്കുന്നതിന് നടപടി

578 ശ്രീ. കെ. ശിവദാസൻ നായർ
,, വർക്കല കഹാർ
,, സണ്ണി ജോസഫ്
,, അൻവർ സാദത്ത്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) വ്യാവസായിക ഇടനാഴി സ്ഥാപിക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ;

(ബി) ആയതു സംബന്ധിച്ച് പദ്ധതി റിപ്പോർട്ട് തയ്യാറായിട്ടുണ്ടോയെന്നത് സംബന്ധിച്ച വിശദാംശം ലഭ്യമാക്കാമോ;

(സി) വ്യാവസായിക ഇടനാഴി വികസിപ്പിച്ച് എടുക്കുന്നത് എവിടെയൊക്കെയാണ് എന്ന് അറിയിക്കുമോ;

(ഡി) പ്രസ്തുത പദ്ധതിക്കുള്ള നിക്ഷേപം എവിടെ നിന്നെല്ലാം സ്വരൂപിക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ?

## കേരള നിയമസഭ
## 12.06.2012 -ലെ മറുപടിക്ക്

**പൊതുമേഖലാ സ്ഥാപനങ്ങളുടെ പ്രവര്‍ത്തനം**

579 **ശ്രീ. എം. വി. ശ്രേയാംസ് കുമാര്‍**

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി
സദയം മറുപടി നല്‍കുമോ:

(എ) □റിയാബി□ന്റെ പ്രവര്‍ത്തനങ്ങള്‍ വിലയിരുത്തിയിട്ടുണ്ടോയെന്ന് വിശദമാക്കുമോ;

(ബി) സംസ്ഥാനത്തെ പൊതുമേഖലാ സ്ഥാപനങ്ങളുടെ പ്രവര്‍ത്തനം നിരീക്ഷിക്കുന്നതിനും വിലയിരുത്തുന്നതിനുമായി എന്തെല്ലാം സംവിധാനങ്ങളാണ് ഏര്‍പ്പെടുത്തിയിരിക്കുന്നതെന്ന് വിശദമാക്കുമോ;

(സി) ഒരു വര്‍ഷത്തെ കര്‍മ്മപരിപാടിയില്‍ ഉള്‍പ്പെടുത്തി സംസ്ഥാനത്തെ പൊതുമേഖലാ സ്ഥാപനങ്ങളുടെ പ്രവര്‍ത്തനം ശക്തിപ്പെടുത്തുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോയെന്ന വിവരം ലഭ്യമാക്കുമോ?

# കേരള നിയമസഭ
## 12.06.2012 -ലെ മറുപടിക്ക്

**ഭക്ഷ്യ സംസ്കരണ മിഷൻ**

**580**

ശ്രീ. റ്റി. എൻ. പ്രതാപൻ
,, എം. എ. വാഹീദ്
,, വി. പി. സജീന്ദ്രൻ
,, വി. ഡി. സതീശൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) **സംസ്ഥാനത്ത് ഭക്ഷ്യ സംസ്കരണ മിഷന് രൂപം നൽകിയിട്ടുണ്ടോയെന്ന് അറിയിക്കുമോ;**

(ബി) **പ്രസ്തുത മിഷൻ വഴി എന്തെല്ലാം ലക്ഷ്യങ്ങളാണ് കൈവരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ;**

(സി) **പ്രസ്തുത മിഷൻ നടപ്പാക്കുന്നതിന് കേന്ദ്ര സർക്കാരിൽ നിന്ന് ലഭിക്കുന്ന സഹായങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ ?**

# കേരള നിയമസഭ
## 12.06.2012 -ലെ മറുപടിക്ക്

**ഖനനം സംബന്ധിച്ച നയരൂപീകരണം**

581 ശ്രീ. എം. എ. വാഹീദ്
,, വി. പി. സജീന്ദ്രൻ
,, വി. ഡി. സതീശൻ
,, ജോസഫ് വാഴക്കൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) ഖനനം സംബന്ധിച്ച സമഗ്രനയത്തിന് രൂപം നൽകാൻ ഉദ്ദേശിക്കുന്നുണ്ടോയെന്ന് വ്യക്തമാക്കുമോ ;

(ബി) നയ രൂപീകരണത്തിനായി പ്രത്യേക സമിതി രൂപീകരിച്ചിട്ടുണ്ടോയെന്ന് അറിയിക്കുമോ ; എങ്കിൽ എന്നു മുതൽ പ്രസ്തുത നയം നടപ്പാക്കാനാകുമെന്നാണ് പ്രതീക്ഷിക്കുന്നത്?

# കേരള നിയമസഭ
## 12.06.2012 -ലെ മറുപടിക്ക്

**"എമർജിംഗ് കേരള"**

582 ശ്രീ. എം. എ. ബേബി
,, പി. ശ്രീരാമകൃഷ്ണൻ
,, സി. കെ. സദാശിവൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) "എമർജിംഗ് കേരള"യുടെ ഭാഗമായി വ്യവസായങ്ങൾക്ക് ഭൂമി ഏറ്റെടുക്കുന്നതിന് പ്രത്യേക പാക്കേജ് കൊണ്ടു വരാൻ തീരുമാനിച്ചിട്ടുണ്ടോ; എങ്കിൽ പാക്കേജിന് അന്തിമ രൂപം തയ്യാറാക്കിയിട്ടുണ്ടോ; വിശദാംശം വെളിപ്പെടുത്തുമോ;

(ബി) ഭൂമി ഏറ്റെടുക്കുമ്പോൾ നഷ്ടപരിഹാരമായി ഉടമകൾക്ക് എന്തെല്ലാം ആനുകൂല്യങ്ങൾ നൽകുവാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ;

(സി) വ്യവസായ സംരംഭത്തിലേർപ്പെടുന്നവർക്ക് ഭൂമി ലഭ്യമാക്കുന്നത് സംബന്ധിച്ച വ്യവസ്ഥകൾ എന്തെല്ലാമാണെന്ന് വിശദീകരിക്കുമോ ?

# കേരള നിയമസഭ
## 12.06.2012 -ലെ മറുപടിക്ക്

<u>എമർജിംഗ് കേരള - വ്യവസായ പ്രമുഖരുമായുള്ള ചർച്ച</u>

583 ശ്രീ. എ. കെ. ബാലൻ
,, എളമരം കരീം
,, എം. ഹംസ
,, ബി. ഡി. ദേവസ്സി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) "എമേർജിംഗ് കേരള" യുമായി ബന്ധപ്പെട്ട് മുംബൈയിൽ കഴിഞ്ഞ മാസം മുഖ്യമന്ത്രിയും മറ്റ് മന്ത്രിമാരും ഇന്ത്യയിലെ ചില വ്യവസായ പ്രമുഖരുമായി ചർച്ച നടത്തിയിട്ടുണ്ടോ; എങ്കിൽ അതിന്റെ വിശദാംശങ്ങൾ വ്യക്തമാക്കുമോ;

(ബി) പ്രസ്തുത കൂടിക്കാഴ്ചയിൽ വ്യവസായികൾ എന്തെല്ലാം ആവശ്യങ്ങൾ മുന്നോട്ടുവയ്ക്കുകയുണ്ടായി എന്നും ഏതെല്ലാം വ്യവസായികൾ സംസ്ഥാനത്ത് ഏതെല്ലാം വ്യവസായങ്ങൾ ആരംഭിക്കുവാനുള്ള സന്നദ്ധത അറിയിച്ചിട്ടുണ്ട് എന്നും വ്യക്തമാക്കുമോ;

(സി) കൊച്ചിയിൽ നടത്താൻ ഉദ്ദേശിക്കുന്ന എമർജിംഗ് കേരള രാജ്യാന്തര നിക്ഷേപക സംഗമത്തിന്റെ ഉദ്ദേശലക്ഷ്യങ്ങൾ എന്തൊക്കെയാണെന്നും മുംബൈയിലെ കൂടിക്കാഴ്ച ആയതിന് എത്രത്തോളം സഹായകരമായിരുന്നുവെന്നും രാജ്യാന്തര നിക്ഷേപക സംഗമത്തിൽ അവതരിപ്പിക്കുന്നതിനുള്ള പദ്ധതി നിർദ്ദേശങ്ങൾ തയ്യാറായിട്ടുണ്ടോ എന്നും വിശദമാക്കുമോ?

# കേരള നിയമസഭ
## 12.06.2012 -ലെ മറുപടിക്ക്

<u>"എമർജിംഗ് കേരള" ആഗോള നിക്ഷേപക സംഗമം</u>

584 ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ
,, കെ. ശിവദാസൻ നായർ
,, വർക്കല കഹാർ
,, സണ്ണി ജോസഫ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തേക്ക് വൻതോതിൽ നിക്ഷേപം ആകർഷിക്കുന്നതിനുള്ള എമർജിഗ് കേരളക്ക് തുടക്കമിട്ടിട്ടുണ്ടോ;

(ബി) ആഗോള നിക്ഷേപക സംഗമം നടക്കുന്നത് എന്നു മുതലാണെന്ന് അറിയിക്കുമോ;

(സി) സംഗമത്തിന് മുന്നോടിയായി രാജ്യത്തിനു പുറത്തും അകത്തും നയതന്ത്ര പ്രതിനിധികളും നിക്ഷേപകരുമായി കൂടികാഴ്ച നടത്തിയിട്ടുണ്ടോയെന്ന് വെളിപ്പെടുത്തുമോ;

(ഡി) "എമർജിംഗ് കേരള" സംഗമത്തിൽ പങ്കെടുക്കുന്നത് സംബന്ധിച്ച് രാജ്യത്തിനകത്തും പുറത്തുമുള്ളവരുടെ പ്രതികരണം എങ്ങനെയാണെന്ന് വിശദമാക്കുമോ ?

# കേരള നിയമസഭ
## 12.06.2012 -ലെ മറുപടിക്ക്

**'എമർജിംഗ് കേരള'**

**585 ശ്രീ. ജെയിംസ് മാത്യു**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) നിക്ഷേപകരെ ആകർഷിക്കുന്നതിനായി 2011-12 ലെ ബജറ്റിൽ പ്രഖ്യാപിച്ച 'എമർജിംഗ് കേരള' സംഗമ നടത്തിപ്പിന്റെ പുരോഗതി വിശദമാക്കാമോ;

(ബി) ഈ സംഗമം എന്ന്, എവിടെ നടത്തുവാനാണ് ഉദ്ദേശിക്കുന്നത്?

# കേരള നിയമസഭ
## 12.06.2012 -ലെ മറുപടിക്ക്

**വ്യവസായ സ്ഥാപനങ്ങൾക്ക് ഏർപ്പെടുത്തിയ വൈദ്യുതി നിയന്ത്രണം**

586 ശ്രീ. സി. ദിവാകരൻ
,, പി. തിലോത്തമൻ
,, വി. ശശി
,, ഇ. കെ. വിജയൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ വ്യവസായങ്ങൾക്ക് നൽകുന്ന വൈദ്യുതിയ്ക്ക് ഏതെങ്കിലും തരത്തിലുള്ള നിയന്ത്രണം ഏർപ്പെടുത്തിയിട്ടുണ്ടോ; എങ്കിൽ ഏതെല്ലാം തരത്തിലുള്ള നിയന്ത്രണങ്ങളാണ് ഏർപ്പെടുത്തിയിട്ടുള്ളതെന്ന് വെളിപ്പെടുത്തുമോ;

(ബി) പ്രസ്തുത നിയന്ത്രണംമൂലം വ്യവസായ സ്ഥാപനങ്ങൾ ഉല്പാദനം കുറച്ചിട്ടുണ്ടോയെന്നും ഉല്പാദനം കുറച്ചതു കാരണം സ്ഥാപനങ്ങൾ നഷ്ടത്തിലായിക്കൊണ്ടിരിക്കുന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോയെന്നും എങ്കിൽ ഇത്തരം വ്യവസായങ്ങളെ സംരക്ഷിക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചു വരുന്നുവെന്നും വ്യക്തമാക്കുമോ;

(സി) സംസ്ഥാനത്തെ ഏതെല്ലാം വ്യവസായ സ്ഥാപനങ്ങൾ വൈദ്യുതിയ്ക്ക് ഉയർന്ന നിരക്കിൽ എന്തു തുക നൽകി വരുന്നുണ്ടെന്നും വിശദമാക്കുമോ?

# കേരള നിയമസഭ
## 12.06.2012 -ലെ മറുപടിക്ക്

### മാവൂർ ഗ്വാളിയർ റയോൺസിന്റെ ഭൂമി

587 ശ്രീ. എ. പ്രദീപ്കുമാർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) ഗ്വാളിയർ റയോൺസിനു മാവൂരിൽ ഉണ്ടായിരുന്ന ഭൂമി എത്രയെന്നും പ്രസ്തുത ഭൂമി ഇപ്പോൾ ആരുടെ കൈവശമാണെന്നും വ്യക്തമാക്കാമോ ;

(ബി) പ്രസ്തുത ഭൂമിയുടെ അവകാശം പൂർണമായും സർക്കാരിൽ നിക്ഷിപ്തമാണോ ;

(സി) ഗ്വാളിയർ റയോൺസ് പ്രവർത്തിച്ചിരുന്ന ഭൂമിയിൽ പുതിയ വ്യവസായ സംരംഭങ്ങൾ നിർദ്ദേശിക്കപ്പെട്ടിട്ടുണ്ടോ ; എന്തെല്ലാം നിർദ്ദേശങ്ങളാണ് ഇതിനകം ലഭിച്ചിട്ടുള്ളത് എന്ന് വിശദമാക്കാമോ ;

(ഡി) പ്രസ്തുത ഭൂമി പ്രയോജനപ്പെടുത്തികൊണ്ടുള്ള പുതിയ എന്തെങ്കിലും പദ്ധതിയെക്കുറിച്ച് ആലോചിച്ചിട്ടുണ്ടോ ; വിശദാംശം ലഭ്യമാക്കാമോ ?

## കേരള നിയമസഭ
## 12.06.2012 -ലെ മറുപടിക്ക്

"ആയുർകെയർ കേരള"-

588 ശ്രീ. ബി. ഡി. ദേവസ്സി

താഴെ കാണുന്ന ചോദ്യത്തിന്
വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(1) ''ആയുർ കെയർ കേരള''യുടെ പ്രവർത്തനം ആരംഭിക്കുവാനുള്ള അടിയന്തിര നടപടി സ്വീകരിക്കുമോ ?

# കേരള നിയമസഭ
## 12.06.2012 -ലെ മറുപടിക്ക്

**മട്ടന്നൂർ വെള്ളിയാമ്പറമ്പിലെ കിൻഫ്രയുടെ വ്യവസായ കേന്ദ്രത്തിന് ഭൂമി ഏറ്റെടുക്കൽ**

**589** **ശ്രീ. ഇ. പി. ജയരാജൻ**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) മട്ടന്നൂർ നിയോജകമണ്ഡലത്തിലെ വെള്ളിയാമ്പറമ്പിൽ കിൻഫ്രയുടെ ആഭിമുഖ്യത്തിലുള്ള വ്യവസായ വളർച്ചാ കേന്ദ്രം സ്ഥാപിക്കുന്നതിനായി ഭൂമി ഏറ്റെടുക്കുന്നതിനുള്ള നടപടികൾ ഏതു ഘട്ടം വരെയായിയെന്നും എപ്പോൾ പൂർത്തീകരിക്കുവാൻ കഴിയുമെന്നും വ്യക്തമാക്കുമോ;

(ബി) വ്യവസായ വളർച്ചാകേന്ദ്രം സ്ഥാപിക്കുന്നതുമായി ബന്ധപ്പെട്ട് കിൻഫ്ര കൈക്കൊണ്ട അനുബന്ധ നടപടികൾ എന്തെല്ലാമാണെന്ന് വിശദീകരിക്കാമോ?

# കേരള നിയമസഭ

## 12.06.2012 -ലെ മറുപടിക്ക്

### കൊല്ലത്ത് സ്ഥാപിക്കാൻ തീരുമാനിച്ച ധാതുമണൽ ഗവേഷണം, നാനോ ടെക്നോളജി ഇൻസ്റ്റിറ്റ്യൂട്ടുകളുടെ പ്രവർത്തനം

590 **ശ്രീ. സി. ദിവാകരൻ**

താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

മുൻ സർക്കാർ കൊല്ലം ജില്ലയിൽ സ്ഥാപിക്കാൻ തീരുമാനിച്ച ധാതുമണൽ ഗവേഷണ ഇൻസ്റ്റിറ്റ്യൂട്ടിന്റെയും നാനോ ടെക്നോളജി റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ടിന്റെയും ഇപ്പോഴത്തെ അവസ്ഥ എന്തെന്നും പ്രസ്തുത ഇൻസ്റ്റിറ്റ്യൂട്ടുകൾ എന്ന് പ്രവർത്തനം ആരംഭിക്കാൻ കഴിയുമെന്നും അറിയിക്കുമോ ?

# കേരള നിയമസഭ
## 12.06.2012 -ലെ മറുപടിക്ക്

**വരവൂരിലെ നിർദ്ദിഷ്ഠ വ്യവസായ പാർക്ക്**

591 ശ്രീ. കെ. രാധാകൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) ചേലക്കര, വരവൂരിൽ നിർദ്ദിഷ്ഠ വ്യവസായ പാർക്ക് സ്ഥാപിക്കുന്നതിന് ഭൂമി വിലയ്ക്കു വാങ്ങുന്നതിനുള്ള നടപടി ഇപ്പോൾ ഏത് ഘട്ടത്തിലാണ്;

(ബി) ഭൂമി ഏറ്റെടുക്കൽ നടപടി അടിയന്തിരമായി പൂർത്തിയാക്കി സമയബന്ധിതമായി വ്യവസായപാർക്ക് സ്ഥാപിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുമോ?

# കേരള നിയമസഭ
## 12.06.2012 -ലെ മറുപടിക്ക്

**കിനാലൂർ വ്യവസായ വികസന കേന്ദ്രം പദ്ധതി**

592 **ശ്രീ. പുരുഷൻ കടലുണ്ടി**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

ബാലുശ്ശേരി നിയോജക മണ്ഡലത്തിലുൾപ്പെട്ട കിനാലൂരിലുള്ള വ്യവസായ വികസന കേന്ദ്രത്തിൽ വ്യവസായങ്ങൾ ആരംഭിക്കുന്നത് സംബന്ധിച്ച് എന്തെങ്കിലും പദ്ധതികൾ പരിഗണനയിലുണ്ടോ ?

## കേരള നിയമസഭ
## 12.06.2012 -ലെ മറുപടിക്ക്

**കാസർഗോഡ് ജില്ലയിലെ പുതിയ വ്യവസായ സംരംഭങ്ങൾ**

593 **ശ്രീ. കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ)**

താഴെ കാണുന്ന ചോദ്യത്തിന്
വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

പൊതുമേഖലാ, സ്വകാര്യ മേഖല വ്യവസായങ്ങൾ ഏറ്റവും കുറഞ്ഞ കാസർഗോഡ് ജില്ലയിൽ പുതുതായി വ്യവസായങ്ങൾ ആരംഭിക്കാൻ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ എന്തൊക്കെയാണ് പ്രസ്തുത വ്യവസായങ്ങൾ എന്ന് വ്യക്തമാക്കാമോ ?

**കേരള നിയമസഭ**
**12.06.2012 -ലെ മറുപടിക്ക്**

**<u>പാലൂർകോട്ട വ്യവസായ കേന്ദ്രം</u>**

**594**

**ശ്രീ. റ്റി. എ. അഹമ്മദ് കബീർ**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) മലപ്പുറം ജില്ലയിലെ പാലൂർകോട്ട വ്യവസായ കേന്ദ്രം, വ്യവസായ എസ്റ്റേറ്റ് ആയി പ്രഖ്യാപിക്കണമെന്ന ആവശ്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇതിനാവശ്യമായ സത്വര നടപടി സ്വീകരിക്കുമോ ?

# കേരള നിയമസഭ
## 12.06.2012 -ലെ മറുപടിക്ക്

**സിഡ്കോ ഉല്പന്നങ്ങളുടെ വിപണനം**

595

**ശ്രീ. കെ. കെ. നാരായണൻ**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) ചെറുകിട വ്യവസായ വികസന കോർപ്പറേഷൻ വിറ്റു വരുന്ന ഉല്പന്നങ്ങളിൽ സ്വന്തമായി ഉല്പാദിപ്പിക്കുന്നവ ഏതൊക്കെയാണെന്നും സ്വന്തം യൂണിറ്റുകൾ വഴിയല്ലാതെ ഉല്പാദിപ്പിക്കുന്നവ ഏതെല്ലാമെന്നും വിശദമാക്കുമോ;

(ബി) സിഡ്കോ ഉല്പാദകരിൽ നിന്നും വാങ്ങുന്ന ഉല്പന്നങ്ങളുടെ വിപണനത്തിന് എത്ര ശതമാനം മാർജിൻ എടുക്കുന്നുണ്ട്;

(സി) സിഡ്കോ നിലവിൽ വിപണനം ചെയ്യുന്ന ഉല്പന്നങ്ങൾ ഏതെല്ലാം സ്വകാര്യ യൂണിറ്റുകളിൽ നിന്നും ഉല്പാദിപ്പിക്കുന്നവയാണെന്ന് വെളിപ്പെടുത്താമോ;

(ഡി) സിഡ്കോ വാങ്ങുന്നതും വില്ക്കുന്നതുമായ ഉല്പന്നങ്ങളുടെ ഗുണനിലവാരവും വിലയും നിശ്ചയിക്കുന്നതിനുള്ള സംവിധാനം വിശദമാക്കുമോ ?

# കേരള നിയമസഭ
## 12.06.2012 -ലെ മറുപടിക്ക്

### <u>കുറ്റ്യാടി നാളികേര പാർക്ക്</u>

**596 ശ്രീമതി കെ. കെ. ലതിക**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) കുറ്റ്യാടി നാളികേര പാർക്ക് ആരംഭിക്കുന്നതിന് സ്വീകരിച്ച നടപടിക്രമങ്ങൾ ഏതു ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത പാർക്കിനു വേണ്ടി സ്ഥലമെടുപ്പ് പൂർത്തിയാക്കിയോ എന്നും മാസ്റ്റർ പ്ലാൻ അംഗീകരിച്ചിട്ടുണ്ടോയെന്നും അറിയിക്കുമോ;

(സി) എങ്കിൽ മാസ്റ്റർ പ്ലാൻ സംബന്ധിച്ച വിശദാംശങ്ങൾ ലഭ്യമാക്കുമോ?

## കേരള നിയമസഭ
## 12.06.2012 -ലെ മറുപടിക്ക്

**പുതുക്കാട് മണ്ഡലത്തിലെ കേരാപാർക്ക്**

597 **പ്രൊഫ. സി. രവീന്ദ്രനാഥ്**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) പുതുക്കാട് മണ്ഡലത്തിൽ കേരാപാർക്ക് ആരംഭിക്കുന്നതിന്റെ ഭാഗമായുള്ള സ്ഥലം ഏറ്റെടുക്കൽ ഏത് ഘട്ടത്തിലാണ്;

(ബി) പ്രസ്തുത പദ്ധതിയുടെ പുരോഗതി വിലയിരുത്താമോ;

(സി) ഈ സാമ്പത്തിക വർഷം പ്രസ്തുത പദ്ധതി ആരംഭിക്കാനാവശ്യമായ നടപടി സ്വീകരിക്കുമോ?

**കേരള നിയമസഭ**

**12.06.2012 -ലെ മറുപടിക്ക്**

**നിക്ഷേപസമാഹരണത്തിനുള്ള പദ്ധതികൾ**

**598** **ശ്രീ. കെ. വി. വിജയദാസ്**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) **കേരളത്തിൽ കഴിഞ്ഞ ഒരു വർഷത്തിൽ നിക്ഷേപ സമാഹരണരംഗത്തുണ്ടായ വർദ്ധനവ് എത്രയാണ്;**

(ബി) **ഇതിനായി നടപ്പ് വർഷം എന്തെല്ലാം പദ്ധതികളാണ് രൂപീകരിയ്ക്കുവാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ;**

(സി) **എമേർജിംഗ്കേരളയുടെ രൂപരേഖ തയ്യാറായിട്ടുണ്ടോ; എങ്കിൽ വിശദാംശങ്ങൾ നൽകുമോ?**

## കേരള നിയമസഭ
## 12.06.2012 -ലെ മറുപടിക്ക്

സിഡ്കോയിലെ നിയമനം

599 ശ്രീ. സാജു പോൾ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരമേറ്റ ശേഷം ഇതുവരെ സ്മാൾ ഇൻഡസ്ട്രിയൽ ഡവലപ്പ്മെന്റ് കോർപ്പറേഷൻ (സിഡ്കോ) ഏതെല്ലാം തസ്തികകളിലേക്ക് നിയമനം നടത്താൻ ഓൺലൈനിലൂടെ എത്ര തവണ അപേക്ഷ ക്ഷണിക്കുകയുണ്ടായി; ഇപ്രകാരം എത്രപേരെ നിയമിക്കുകയുണ്ടായി;

(ബി) ഓൺലൈനിലൂടെ അപേക്ഷ ക്ഷണിച്ച കാര്യം പത്ര പരസ്യങ്ങളിലൂടെ അറിയിച്ചിട്ടുണ്ടായിരുന്നുവോ; ഇല്ലെങ്കിൽ കാരണം വെളിപ്പെടുത്താമോ;

(സി) എംപ്ളോയ്മെന്റ് എക്സ്ചേഞ്ചു മുഖേന പ്രസ്തുത ഒഴിവുകൾ നികത്തുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടായിരുന്നുവോ; ഇല്ലെങ്കിൽ കാരണം വെളിപ്പെടുത്താമോ;

(ഡി) പൊതുമേഖലാ സ്ഥാപനങ്ങളിലുണ്ടാകുന്ന ഒഴിവുകളിലേക്ക് നിയമനം നടത്തുമ്പോൾ പാലിക്കേണ്ട നിലവിലുളള നിർദ്ദേശങ്ങളുടേയും വ്യവസ്ഥകളുടേയും ലംഘനം ഓൺ ലൈനിലൂടെ മാത്രം അപേക്ഷ ക്ഷണിച്ച് നിയമനം നടത്തുന്ന കാര്യത്തിലുണ്ടായിട്ടുണ്ടോ; വിശദാംശം വെളിപ്പെടുത്താമോ?

# കേരള നിയമസഭ
## 12.06.2012 -ലെ മറുപടിക്ക്

**<u>ചെറുകിട, കുടിൽ വ്യവസായങ്ങൾ</u>**

**600 പ്രൊഫ. സി. രവീന്ദ്രനാഥ്**

താഴെ കാണുന്ന ചോദ്യത്തിന്
വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

ചെറുകിട, കുടിൽ വ്യവസായ സ്ഥാപനങ്ങൾ നിലനിറുത്തുന്നതിനും, പുതിയവ തുടങ്ങുന്നതിനുമായുള്ള പദ്ധതികൾ താലൂക്ക് തലത്തിൽ ആരംഭിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ അവ എന്തൊക്കെയാണെന്ന് വിശദമാക്കുമോ?

## കേരള നിയമസഭ
## 12.06.2012 -ലെ മറുപടിക്ക്

സിഡ്കോ വക ഭൂമിയും കെട്ടിടവും

601 ശ്രീ. സി.കെ. സദാശിവൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) സിഡ്ക്കോയ്ക്കായി സംസ്ഥാനത്ത് ഏതെല്ലാം സ്ഥലങ്ങളിൽ എതെല്ലാം കെട്ടിടങ്ങൾ വാടകയ്ക്ക് എടുത്തിട്ടുണ്ടെന്നും, പ്രതിമാസ വാടക എത്ര വീതമാണെന്നും എന്നു മുതലാണ് വാടകയ്ക്ക് എടുത്തിട്ടുള്ളതെന്നും വെളിപ്പെടുത്താമോ ;

(ബി) സിഡ്ക്കോയ്ക്ക് സ്വന്തമായി സംസ്ഥാനത്ത് എവിടെയെല്ലാം എത്ര ഭൂമി ഉണ്ടെന്നും, പ്രസ്തുത ഭൂമി ഇപ്പോൾ ഏതെല്ലാം ആവശ്യങ്ങൾക്ക് പ്രയോജനപ്പെടുത്തി വരുന്നുണ്ടെന്നും വെളിപ്പെടുത്താമോ ?

**കേരള നിയമസഭ**

**12.06.2012 -ലെ മറുപടിക്ക്**

**<u>സിഡ്കോയിലെ ജീവനക്കാരുടെ ജോലി സംബന്ധമായ വിവരങ്ങൾ സംബന്ധിച്ച്</u>**

602 **ശ്രീ. എ.എം. ആരിഫ്**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) സിഡ്കോയിൽ എത്ര സ്ഥിരം ജീവനക്കാരുണ്ട്; തസ്തിക തിരിച്ച് വെളിപ്പെടുത്തുമോ;

(ബി) ഈ സർക്കാർ അധികാരമേറ്റ ശേഷം നാളിതുവരെ ദിവസക്കൂലി അടിസ്ഥാനത്തിലോ കരാർ വ്യവസ്ഥയിലോ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് വഴിയോ അല്ലെങ്കിൽ മറ്റേതെങ്കിലും നിലയിലോ സിഡ്കോയ്ക്ക് വേണ്ടി നിയോഗിക്കപ്പെട്ട് പ്രവർത്തിക്കുന്നവർ ആരൊക്കെയാണെന്നും ഏത് തസ്തികയിൽ, ഏത് ജോലിക്ക്, എന്ത് വേതനത്തിൽ എത്ര നാളുകളായി ഇവർ ജോലി ചെയ്തുവരുന്നു എന്നും വിശദമാക്കാമോ?

# കേരള നിയമസഭ
## 12.06.2012 -ലെ മറുപടിക്ക്

<u>സിഡ്കോയുടെ മേൽനോട്ടത്തിൽ ചെറുകിട വ്യവസായങ്ങളുടെ യൂണിറ്റുകൾ</u>

603 ശ്രീ. ബി. സത്യൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) ഓരോ നിയമസഭാ മണ്ഡലത്തിലെയും ഏതെങ്കിലും ഒരു പഞ്ചായത്തിൽ സിഡ്കോയുടെ മേൽ നോട്ടത്തിൽ ചെറുകിട വ്യവസായങ്ങളുടെ യൂണിറ്റുകൾ തുടങ്ങുന്ന പദ്ധതി ഇപ്പോൾ ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കാമോ ;

(ബി) പ്രസ്തുത പദ്ധതിയുടെ നടത്തിപ്പ് വിശദമാക്കാമോ ;

(സി) ഏതെല്ലാം ചെറുകിട വ്യവസായങ്ങളാണ് പ്രസ്തുത പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ളതെന്ന് വ്യക്തമാക്കാമോ ?

## കേരള നിയമസഭ
## 12.06.2012 -ലെ മറുപടിക്ക്

**സിഡ്കോ ഏറ്റെടുത്ത കരാർ പ്രവൃത്തികൾ**

604 ശ്രീ. രാജു എബ്രഹാം

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) സിഡ്കോ കരാർ ജോലികൾ ഏറ്റെടുക്കുന്നുണ്ടോ ;

(ബി) നിലവിൽ ഏതെല്ലാം സർക്കാർ വകുപ്പുകളുടെ ഏതെല്ലാം പ്രവൃത്തികൾ സിഡ്കോ കരാർ എടുത്തിട്ടുണ്ട് എന്നും കരാർ വ്യവസ്ഥ പ്രകാരം പ്രസ്തുത പ്രവൃത്തികൾപൂർത്തിയാക്കികൊടുക്കേണ്ടിയിരുന്ന തീയതിയും, പ്രവൃത്തികളുടെ നിലവിലെ അവസ്ഥയും വിശദമാക്കാമോ;

(സി) കരാർ പ്രവൃത്തികൾ നേരിട്ട് നിർവ്വഹിക്കുന്നതിന് സിഡ്കോയ്ക്ക് സ്വന്തമായി സംവിധാനങ്ങളുണ്ടോ; ഇല്ലെങ്കിൽ സിഡ്കോ ഏറ്റെടുക്കുന്ന വർക്കുകൾ എപ്രകാരമാണ് നിർവ്വഹിക്കുന്നതെന്നും, അത് വഴി സിഡ്കോയുടെയും സർക്കാർ വകുപ്പുകളുടേയും നേട്ടം എന്താണെന്നും വിശദമാക്കാമോ?

# കേരള നിയമസഭ
## 12.06.2012 -ലെ മറുപടിക്ക്

**<u>എൻ. ഡി. സി. ഡി സഹായ പദ്ധതി</u>**

605 **ശ്രീ. കെ. ദാസൻ**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) **ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം പുതുതായി എത്ര വ്യവസായ സഹകരണ സംഘങ്ങൾ ആരംഭിച്ചുവെന്നും അത് എവിടെയെല്ലാമാണ് സ്ഥിതി ചെയ്യുന്നത് എന്നും വ്യക്തമാക്കാമോ;**

(ബി) **2011-2012 ബജറ്റിൽ വ്യവസായ സഹകരണ സംഘങ്ങൾക്കുളള എൻ. സി. ഡി. സി സഹായ പദ്ധതിയുടെ സംസ്ഥാന വിഹിതമായി എത്ര രൂപ അനുവദിച്ചെന്നും എത്ര രൂപ ചെലവഴിച്ചെന്നും വെളിപ്പെടുത്തുമോ;**

(സി) **2012-2013 ബജറ്റിൽ എൻ. സി. ഡി. സി.ക്ക് സംസ്ഥാന വിഹിതമായി എത്ര രൂപ നീക്കി വെച്ചിട്ടുണ്ട്?**

## കേരള നിയമസഭ
## 12.06.2012 -ലെ മറുപടിക്ക്

### ഉദുമ ടെക്സ്റ്റയിൽ മിൽസ്

606 **ശ്രീ. കെ. കുഞ്ഞിരാമൻ (ഉദുമ)**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) ഉദുമ ടെക്സ്റ്റയിൽ മിൽസ് എത്ര കോടി രൂപ മുതൽ മുടക്കി സ്ഥാപിച്ചതാണെന്ന് അറിയിക്കാമോ;

(ബി) പ്രസ്തുത ടെക്സ്റ്റയിൽ മിൽസിൽ ഉൽപ്പാദനം ആരംഭിച്ചിട്ടുണ്ടോ;
എങ്കിൽ എന്നാണ് ആരംഭിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;
ഇല്ലെങ്കിൽ ഉൽപ്പാദനം തുടങ്ങാത്തതിനുള്ള കാരണം വെളിപ്പെടുത്തുമോ;

(സി) വ്യാവസായികമായി പിന്നോക്കം നിൽക്കുന്ന കാസർഗോഡ് ജില്ലക്ക് മുൻ സർക്കാർ അനുവദിച്ച പ്രസ്തുത സ്ഥാപനത്തിൽ എപ്പോൾ ഉൽപ്പാദനം തുടങ്ങുമെന്ന് അറിയിക്കുമോ?

# കേരള നിയമസഭ

## 12.06.2012 -ലെ മറുപടിക്ക്

### <u>പരമ്പരാഗത കൈത്തറി തൊഴിൽ മേഖലയിലെ പ്രതിസന്ധി</u>

607 **ശ്രീ. കെ. രാധാകൃഷ്ണൻ**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) **പരമ്പരാഗത കൈത്തറി തൊഴിൽ മേഖലയിലെ പ്രതിസന്ധി പരിഹരിക്കുന്നതിന് സ്വീകരിച്ച നടപടികളുടെ വിശദാംശം ലഭ്യമാക്കാമോ;**

(ബി) **റിബേറ്റ് കുടിശ്ശികയും കൈത്തറി ഉത്പന്നങ്ങൾ വാങ്ങിയ വകയിൽ സംഘങ്ങൾക്ക് നൽകേണ്ട കുടിശ്ശികയും വിതരണം ചെയ്യുന്നതിലുള്ള കാലതാമസം ഒഴിവാക്കാൻ നടപടികൾ സ്വീകരിക്കുമോ;**

(സി) **ചേലക്കര മണ്ഡലത്തിലെ പരമ്പരാഗത കൈത്തറി മേഖലയായ കുഞ്ഞാമ്പുള്ളിയിൽ പ്രസ്തുത വ്യവസായത്തെ സംരക്ഷിച്ചു നിലനിർത്തുന്നതിന് പ്രത്യേക പദ്ധതി നടപ്പിലാക്കുന്ന കാര്യം പരിഗണിക്കുമോ?**

# കേരള നിയമസഭ
## 12.06.2012 -ലെ മറുപടിക്ക്

**മെക്ക ബിൽഡിങ് സെലക്ഷൻ ടീമിലെ കേരളത്തിന്റെ പ്രതിനിധി**

608 **ശ്രീ. എ. എം. ആരിഫ്**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) **2011ലെ ഹജ്ജിനായി മെക്കയിൽ കെട്ടിടം കണ്ടെത്തുന്നതിന് പോയ ബിൽഡിങ് സെലക്ഷൻ ടീമിൽ കേരളത്തിന്റെ പ്രതിനിധി ആരായിരുന്നു; പ്രസ്തുത വ്യക്തി ഏത് തസ്തികയിൽ എവിടെ ജോലി ചെയ്യുന്ന ആളായിരുന്നു;**

(ബി) **2012ൽ പ്രസ്തുത കാര്യത്തിനായി നിർദ്ദേശിച്ചത് ആരെയായിരുന്നെന്നും പ്രസ്തുത വ്യക്തി ഏത് തസ്തികയിൽ എവിടെ ജോലി ചെയ്യുന്ന ആളായിരുന്നെന്നും വെളിപ്പെടുത്തുമോ;**

(സി) **പ്രസ്തുത വ്യക്തി ടീമിനോടൊപ്പം പോയിട്ടുണ്ടോ; ഇല്ലെങ്കിൽ കാരണമെന്താണെന്ന് അറിയിക്കുമോ?**

# കേരള നിയമസഭ
## 12.06.2012 -ലെ മറുപടിക്ക്

**കേരള സംസ്ഥാന ഹജ്ജ് കമ്മിറ്റിയിലെ താല്ക്കാലിക ജീവനക്കാർ**

609 ശ്രീ. എ. എം. ആരിഫ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) കേരള സംസ്ഥാന ഹജ്ജ് കമ്മിറ്റിയിൽ 5 വർഷത്തിലധികമായി ജോലി ചെയ്യുന്ന താല്ക്കാലിക ജീവനക്കാർ ആരെല്ലാമാണ്; ഇവരെ സ്ഥിരപ്പെടുത്താൻ സംസ്ഥാന ഹജ്ജ് കമ്മിറ്റി തീരുമാനിച്ചിട്ടുണ്ടോ;

(ബി) ഈ തീരുമാനത്തിന് അംഗീകാരം നൽകിയിട്ടുണ്ടോ; വിശദാംശങ്ങൾ നൽകുമോ ?

# കേരള നിയമസഭ
## 12.06.2012 -ലെ മറുപടിക്ക്

<u>വിവരസാങ്കേതിക മേഖലയുടെ വളര്‍ച്ച</u>

610 ശ്രീ. ജോസഫ് വാഴക്കന്‍
,, ഡൊമിനിക് പ്രസന്റേഷന്‍
,, വി. റ്റി. ബല്‍റാം
,, ബെന്നി ബെഹനാന്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നല്‍കുമോ:

(എ) ഐ.റ്റി രംഗത്തെ വളര്‍ച്ചയ്ക്കായി എന്തെല്ലാം നടപടികളാണ് കൈക്കൊണ്ടിട്ടുള്ളത്;

(ബി) പ്രധാനപ്പെട്ട നഗരങ്ങള്‍ കേന്ദ്രമാക്കി ഐ.റ്റി വ്യവസായ സോണുകള്‍ തുടങ്ങുന്ന കാര്യം പരിഗണനയിലുണ്ടോ;

(സി) സംസ്ഥാനത്തെ വിവിധ സ്ഥലങ്ങളില്‍ ഐ.റ്റി പാര്‍ക്കുകള്‍ സ്ഥാപിക്കുന്ന കാര്യം ആലോചനയിലുണ്ടോ;

(ഡി) സാധാരണക്കാരന്റെ ജീവിത നിലവാരം ഉയര്‍ത്തുന്ന വിധത്തില്‍ ഐ.റ്റി വികസനത്തിനു രൂപം നല്‍കുന്ന കാര്യം പരിഗണനയിലുണ്ടോ?

**കേരള നിയമസഭ**
**12.06.2012 -ലെ മറുപടിക്ക്**

**<u>ഐ. ടി. മേഖലയുടെ വികസനം</u>**

611 **ശ്രീ. വി. ശശി**

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി
സദയം മറുപടി നല്‍കുമോ:

(എ) ഈ സര്‍ക്കാര്‍ അധികാരമേറ്റശേഷം ഐ. ടി. മേഖലയുടെ വികസനത്തിനായി എന്ത് തുക ചെലവഴിച്ചു;

(ബി) ഈ കാലയളവില്‍ ഐ. ടി. മേഖലയില്‍ വിദേശ നിക്ഷേപം ഉണ്ടായിട്ടുണ്ടോ; എങ്കില്‍ വിശദാംശം ലഭ്യമാക്കുമോ?

## കേരള നിയമസഭ
## 12.06.2012 -ലെ മറുപടിക്ക്

**ഐ. ടി. മേഖലയിലെ നിക്ഷേപം**

612 **ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റര്‍**

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
വ്യവസായവും വിവര സാങ്കേതികവും വകുപ്പുമന്ത്രി
സദയം മറുപടി നല്‍കുമോ:

(എ) **ഈ സര്‍ക്കാര്‍ അധികാരമേറ്റ ശേഷം ഐ. ടി. മേഖലയില്‍ നിക്ഷേപം നടത്തുന്നതിന് എത്ര കമ്പനികള്‍ അപേക്ഷ നല്‍കിയിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;**

(ബി) **ഇതില്‍ എത്ര കമ്പനികള്‍ പ്രവര്‍ത്തനങ്ങള്‍ ആരംഭിക്കുന്നതിന് സര്‍ക്കാരുമായി കരാറില്‍ ഏര്‍പ്പെട്ടിട്ടുണ്ട് ?**

# കേരള നിയമസഭ
## 12.06.2012 -ലെ മറുപടിക്ക്

**ഐ. റ്റി. വകുപ്പിന്റെ പ്ലാൻ ഫണ്ട്**

613 ശ്രീ. വി. ചെന്താമരാക്ഷൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) ഐ. റ്റി. വകുപ്പിന്റെ പ്ലാൻ ഫണ്ട് തുകയും 2012 മാർച്ച് 31 വരെ ചെലവഴിച്ച തുകയും എത്രയെന്ന് വിശദമാക്കാമോ;

(ബി) ഐ. റ്റി. വകുപ്പിൻകീഴിൽ കേന്ദ്രാവിഷ്കൃത പദ്ധതികൾ ഉണ്ടോ; എങ്കിൽ ഓരോ പദ്ധതിക്കും കേന്ദ്രം എത്ര തുക അനുവദിച്ചു;

(സി) ഐ. റ്റി. വകുപ്പിന്റെ ഓരോഹെഡിലും 2012 മാർച്ച് 31 വരെ ചെലവഴിച്ച തുകയുടെ വിശദാംശം ലഭ്യമാക്കാമോ?

# കേരള നിയമസഭ
## 12.06.2012 -ലെ മറുപടിക്ക്

**സർക്കാർ ഉത്തരവുകൾ വെബ്സൈറ്റിൽ**

614 **ശ്രീ. റ്റി. വി. രാജേഷ്**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) പല വകുപ്പുകളിലുമുള്ള സർക്കാർ ഉത്തരവുകൾ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നില്ല എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) എങ്കിൽ അവ പ്രസിദ്ധീകരിക്കുന്നതിന് എന്തൊക്കെ നടപടികളാണ് വിവരസാങ്കേതിക വകുപ്പ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ ?

# കേരള നിയമസഭ
## 12.06.2012 -ലെ മറുപടിക്ക്

<u>സ്മാർട്ട് സിറ്റി പദ്ധതി</u>

615 ശ്രീ. കെ. വി. വിജയദാസ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) സ്മാർട്ട് സിറ്റി പദ്ധതിയുടെ പ്രവർത്തനം നിർജ്ജീവമായതായ പത്രവാർത്ത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇതിന്റെ
വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(ബി) സ്മാർട്ട് സിറ്റി പദ്ധതി പൊതുമേഖലയിൽതന്നെ നിലനിർത്തുവാനാണോ അതോ പി.പി.പി. ആയി നടപ്പിലാക്കുവാനാണോ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ?

**കേരള നിയമസഭ**
**12.06.2012 -ലെ മറുപടിക്ക്**

**<u>സമാർട്ട്സിറ്റി കെട്ടിടങ്ങൾ</u>**

616 **ശ്രീ. കെ. സുരേഷ് കുറുപ്പ്**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) സ്മാർട്ട് സിറ്റി പദ്ധതിയുടെ മാസ്റ്റർ പ്ലാൻ അനുസരിച്ച് പ്രത്യേക സാമ്പത്തിക മേഖലയിൽ നിർമ്മിക്കാൻ വിഭാവനം ചെയ്ത മൊത്തം കെട്ടിടങ്ങൾ എത്ര ചതുരശ്ര അടി വിസ്തീർണ്ണമുള്ളതാണെന്ന് വ്യക്തമാക്കുമോ;

(ബി) നിർമ്മാണം പൂർത്തിയാക്കിയവയുടെ വിസ്തീർണ്ണം എത്ര ചതുരശ്ര അടിയാണ് ഇപ്പോൾ നിർമ്മിച്ചു കൊണ്ടിരിക്കുന്ന ആദ്യ കെട്ടിടത്തിന് വിസ്തീർണം എത്രയാണ്; പ്രസ്തുത കെട്ടിടത്തിന് പ്രതീക്ഷിക്കുന്ന മൊത്തം നിർമ്മാണ ചിലവ് എത്രയാണ്: ഏ.സിയും പില്ലറുകളും തുടങ്ങി എല്ലാ പ്രവൃത്തികളും കരാർ എടുത്തത് ഒരു ഏജൻസിയാണോ;

(സി) കെട്ടിട നിർമ്മാണത്തിന്റെ ടെണ്ടർ വിളിച്ചത് എന്നാണെന്നും ടെണ്ടറിൽ എത്ര പേർ പങ്കെടുത്തു എന്നും ഏത് കരാറുകാരനുമായിട്ടാണ് കരാറിൽ ഒപ്പ് വെച്ചത് എന്നും കരാറുകൾ പ്രകാരമുള്ള മൊത്തം തുക എത്രയാണെന്നും വെളിപ്പെടുത്തുമോ;

(ഡി) വ്യവസ്ഥയനുസരിച്ച് നിർമ്മാണം പൂർത്തിയാക്കാവുന്ന തീയതി ഏതാണെന്നും ഏ.സി, പില്ലർ തുടങ്ങി കെട്ടിടം ഉപയോഗിക്കാവുന്ന നിലയിൽ പൂർത്തിയാക്കപ്പെട്ടിട്ടുണ്ടോയെന്നും ഉള്ള വിവരങ്ങൾ ലഭ്യമാക്കുമോ?

## കേരള നിയമസഭ
## 12.06.2012 -ലെ മറുപടിക്ക്

<u>സ്മാർട്ട് സിറ്റി പദ്ധതിയിലെ പവലിയൻ നിർമ്മാണം</u>

617 ശ്രീ. എ. എം. ആരിഫ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) സ്മാർട്ട് സിറ്റി പദ്ധതിയുടെ പവലിയൻ നിർമ്മാണത്തിന്റെ പ്ലാനും എസ്റ്റിമേറ്റും തയ്യാറാക്കിയതാരാണെന്നും എസ്റ്റിമേറ്റ് തുക എത്രയായിരുന്നുവെന്നും വർക്ക് ടെണ്ടർ ചെയ്തിട്ടുണ്ടോയെന്നും എത്ര പേർ ടെണ്ടറിൽ പങ്കെടുത്തിട്ടുണ്ടെന്നും വെളിപ്പെടുത്തുമോ;

(ബി) ഏറ്റവും കുറഞ്ഞ ടെണ്ടർ ഏതായിരുന്നു; ഏത് കരാറുകാരനുമായിട്ടാണ് കരാറിൽ ഒപ്പ് വച്ചത്;

(സി) പവലിയൻ നിർമ്മാണം ആരംഭിച്ചത് എന്നായിരുന്നുവെന്നും നിർമ്മാണം പൂർത്തിയാക്കേണ്ടത് എന്നായിരുന്നുവെന്നും നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തീകരിച്ചിട്ടുണ്ടോയെന്നും പൂർത്തിയാകുമ്പോൾ ചെലവ് എത്രയായി വർദ്ധിച്ചുവെന്നും പവലിയൻ എത്ര ചതുരശ്ര മീറ്റർ ഉണ്ടെന്നും അതിന്റെ ഉപയോഗം എന്താണെന്നും ഉള്ള വിവരങ്ങൾ വെളിപ്പെടുത്തുമോ?

## കേരള നിയമസഭ
## 12.06.2012 -ലെ മറുപടിക്ക്

### സ്മാർട്ട് സിറ്റിയിലെ പുതിയ പ്രവർത്തനങ്ങൾ

618 ശ്രീ. സി. ദിവാകരൻ

താഴെ കാണുന്ന ചോദ്യത്തിന്
വ്യവസായവും വിവര സാങ്കേതികവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

സ്മാർട്ട് സിറ്റി കരാർ ഒപ്പിട്ടശേഷം എന്തെല്ലാം പ്രവർത്തനങ്ങളാണ് ഇപ്പോൾ നടന്നുവരുന്നത് എന്നും നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന പ്രവർത്തനങ്ങൾ എന്തൊക്കെയാണെന്നും വിശദീകരിക്കാമോ?

## കേരള നിയമസഭ
## 12.06.2012 -ലെ മറുപടിക്ക്

**കൊച്ചി സ്മാർട്ട് സിറ്റി പദ്ധതി- പ്രാരംഭ നടപടികൾ**

619 ശ്രീ. ബെന്നി ബെഹനാൻ
,, എ. പി. അബ്ദുളളക്കുട്ടി
,, പി. എ. മാധവൻ
,, പി. സി. വിഷ്ണുനാഥ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) കൊച്ചി സ്മാർട്ട് സിറ്റി പദ്ധതി യാഥാർത്ഥ്യമാക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത പദ്ധതിയുടെ പ്രാരംഭഘട്ട പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ;

(സി) പ്രസ്തുത പദ്ധതിക്ക് സെസ്സ് പദവി ലഭിച്ചിട്ടുണ്ടോയെന്നറിക്കുമോ?

## കേരള നിയമസഭ
## 12.06.2012 -ലെ മറുപടിക്ക്

**കണ്ണൂർ സൈബർ പാർക്കിന്റെ പ്രവർത്തനം**

620 **ശ്രീ. സി. കൃഷ്ണൻ**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) പയ്യന്നൂർ മണ്ഡലത്തിൽ മുൻപ് അനുവദിച്ച കണ്ണൂർ സൈബർ പാർക്കിന്റെ നിലവിലുള്ള അവസ്ഥ വ്യക്തമാക്കാമോ;

(ബി) പ്രസ്തുത പാർക്ക് എന്ന് പ്രവർത്തന സജ്ജമാകുമെന്ന് അറിയിക്കുമോ?

## കേരള നിയമസഭ
## 12.06.2012 -ലെ മറുപടിക്ക്

**ജനസേവന കേന്ദ്രങ്ങളും അക്ഷയ കേന്ദ്രങ്ങളും അനുവദിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ**

621 **ശ്രീ. ഇ.പി. ജയരാജൻ**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) ജനസേവന കേന്ദ്രങ്ങൾ, അക്ഷയ കേന്ദ്രങ്ങൾ എന്നിവ ആരംഭിക്കുന്നതു സംബന്ധിച്ച് നിശ്ചയിച്ചിട്ടുള്ള മാനദണ്ഡങ്ങൾ എന്തൊക്കെയാണ്;

(ബി) നിലവിലുള്ള സർക്കാർ ഉത്തരവിൽ പ്രസ്തുത കേന്ദ്രങ്ങൾ എവിടെയെല്ലാം അനുവദിക്കണമെന്നുള്ളത് ഉൾപ്പെടുത്തിയിട്ടുണ്ടോ;

(സി) കണ്ണൂർ ജില്ലയിൽ എവിടെയെല്ലാം ജനസേവന കേന്ദ്രങ്ങളും, അക്ഷയ കേന്ദ്രങ്ങളും സ്ഥാപിക്കണമെന്ന് വ്യക്തമാക്കിയിട്ടുണ്ടോ; ഉത്തരവിന്റെ പകർപ്പുകൾ ലഭ്യമാക്കുമോ;

(ഡി) പുതുതായി അക്ഷയ കേന്ദ്രങ്ങൾ അനുവദിക്കുവാൻ തയ്യാറാകുമോയെന്നും അതിനായി തദ്ദേശസ്വയംഭരണസ്ഥാപനങ്ങൾ പ്രാഥമികമായി എന്തെല്ലാം സൗകര്യങ്ങൾ നൽകണമെന്നും വ്യക്തമാക്കുമോ ?

# കേരള നിയമസഭ
## 12.06.2012 -ലെ മറുപടിക്ക്

<u>അതിവേഗ റെയിൽപ്പാത</u>

622 ശ്രീ. ഡൊമിനിക് പ്രസന്റേഷൻ
,, വി.റ്റി. ബൽറാം
,, ബെന്നി ബെഹനാൻ
,, പി.എ. മാധവൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് അതിവേഗ റെയിൽപ്പാത സ്ഥാപിക്കുന്നതിനുള്ള രൂപരേഖ തയ്യാറാക്കിയിട്ടുണ്ടോ ; എങ്കിൽ ഇതിന്റെ നോഡൽ ഏജൻസി ഏതാണെന്ന് വ്യക്തമാക്കുമോ ;

(ബി) ഈ പദ്ധതിക്കായി എത്ര ഹെക്ടർ സ്ഥലം ഏറ്റെടുക്കേണ്ടിവരുമെന്നും എത്ര കുടുംബങ്ങളെ ഒഴിപ്പിക്കേണ്ടതായിവരും എന്നും വെളിപ്പെടുത്തുമോ ;

(സി) പുതിയ പാതയുടെ അലൈൻമെന്റ്, ഏറ്റെടുക്കുന്ന സ്ഥലം, പുനരധിവാസ പാക്കേജ് എന്നിവ സംബന്ധിച്ച് ധാരണ ഉണ്ടാക്കിയിട്ടുണ്ടോ ; എങ്കിൽ വിശദമാക്കുമോ ;

(ഡി) ഈ പദ്ധതി എത്ര കാലം കൊണ്ട് പൂർത്തിയാക്കാനാണുദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ ?

# കേരള നിയമസഭ
## 12.06.2012 -ലെ മറുപടിക്ക്

**<u>അതിവേഗ റെയിൽപാത</u>**

T623 **ശ്രീ. ഇ. ചന്ദ്രശേഖരൻ**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നിർമ്മിക്കാനുദ്ദേശിക്കുന്ന അതിവേഗ റെയിൽപാതയുടെ പ്രവർത്തനം ഇപ്പോൾ ഏത് ഘട്ടത്തിലാണെന്ന് അറിയിക്കുമോ;

(ബി) പ്രസ്തുത പദ്ധതിക്ക് റെയിൽവേയുടെ അംഗീകാരം ലഭിച്ചിട്ടുണ്ടോ;

(സി) പ്രസ്തുത പദ്ധതിയിൽ സംസ്ഥാനത്തിന്റെയും റെയിൽവെയുടെയും പങ്കാളിത്തം ഏത് രീതിയിലാണെന്നറിയിക്കാമോ?

കേരള നിയമസഭാ സെക്രട്ടേറിയറ്റ്, പി. കെ. മുരളീധരൻ,
തിരുവനന്തപുരം സെക്രട്ടറി - ഇൻ - ചാർജ്
2012 ജൂൺ 3.

"T" ഇന്നത്തേയ്ക്ക് മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു.